**ബഹുമാനപ്പെട്ട മലപ്പുറം ജില്ലാ കളക്ടർ അവർകൾ മുമ്പാകെ രാഷ്ട്രീയ സ്വയംസേവക സംഘം മഞ്ചേരി ഖണ്ഡ് കാര്യവാഹായ കെ. അഭിലാഷ് എന്ന ഞാൻ ബോധിപ്പിക്കുന്ന പരാതി.**

സാർ,

ഞാൻ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ മഞ്ചേരി ഖണ്ഡ് കാര്യവാഹായി പ്രവർത്തിച്ചു വരികയാണ്. RSS പ്രവർത്തനത്തിന്റെ ഭാഗമായി മഞ്ചേരി അമൃത വിദ്യാലയത്തിൽ വെച്ച് വിദ്യാലയ അധികൃതരുടെ അനുവാദത്തോടെ 2017 ഡിസംബർ മാസം 23 മുതൽ 2017 ഡിസംബർ 31 വരെ രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ പ്രാഥമിക ശിക്ഷാവർഗ്ഗ് നടത്തിയിരുന്നു. കേരളത്തിൽ എല്ലാ ജില്ലകളിലുമായി നാല്പതോളവും മലപ്പുറം ജില്ലയിൽ മാത്രം മൂന്ന് കേന്ദ്രങ്ങളിലും ക്യാമ്പ് നടന്നിട്ടുണ്ട്. ക്യാമ്പ് നടത്തുന്നതിന് തുടക്കത്തിൽ ആരുടേയും എതിർപ്പ് ഉണ്ടായിരുന്നില്ല. എന്നാൽ ക്യാമ്പ് തുടങ്ങിയ ശേഷം 26-12-17 ന് രാത്രി 8 മണി മുതൽ ഏതാണ്ട് 10 പത്തു മണി വരെ ക്യാമ്പിൽ അതിക്രമിച്ച് കയറി ക്യാമ്പ് തടയാനുള്ള ശ്രമം ചില ഭീകരവാദം ആരോപിക്കപ്പെടുന്ന സംഘടനയുടെ ആളുകളുടെ നേതൃത്വത്തിൽ ഉണ്ടായി. വിവരം പോലീസിനെ അറിയിച്ചതിനെ തുടർന്ന് മഞ്ചേരി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തുകയും ക്യാമ്പ് കഴിയുന്നത് വരെ ക്യാമ്പിനു സംരക്ഷണം നൽകുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ സംഭവം നടക്കുന്നതിനു തൊട്ടു തലേന്നാൾ (25-12-17) രണ്ടു സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ പോലീസ് എത്തി ക്യാമ്പിനകത്തു വന്നു വിശദമായ അന്വേഷണം നടത്തി ക്യാമ്പിൽ നിയമവിധേയമാണ് എന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ ഈ സംഭവം നടന്ന ദിവസം യാതൊരു മുന്നറിയിപ്പുമില്ലാതെ നറുകര വില്ലേജ് ഓഫീസർ ശ്രീ. വിൻസെന്റ് അസമയത് ക്യാമ്പിൽ വരുകയും പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

ക്യാമ്പ് കഴിഞ്ഞതിനു ശേഷം സ്കൂളിൽ ക്യാമ്പ് നടത്തിയതിന് പോലീസോ സർക്കാരോ നൽകിയ അനുമതിപത്രം വില്ലേജ് ഓഫീസറുടെ മുമ്പിൽ ഹാജരാക്കണമെന്ന് പറഞ്ഞ് അദ്ദേഹം നിരന്തരം സ്കൂൾ അധികൃതരെ വിളിച്ചു വരുത്തുകയുണ്ടായി. ഈ അനുമതി പത്രം നൽകിയാൽ മാത്രമേ അമൃതാനന്ദമയി മഠവുമായി ബന്ധപ്പെട്ടു നൽകിയ മറ്റു അപേക്ഷയുടെ മേലുള്ള റിപ്പോർട്ട് നൽകുകയുള്ളൂ എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം സ്കൂൾ അധികൃതരെ മനപൂർവ്വം ബുദ്ധിമുട്ടിക്കുന്നതായി മഠം വഴി അറിയാൻ കഴിഞ്ഞു.

മഠം അധികൃതർ സംഘടനയുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആർ.എസ്.എസ് ക്യാമ്പ് നിയമവിധേയമാണ് എന്ന് അദ്ദേഹത്തെ ബോധിപ്പിക്കുവാനായും സംഘടനയുടെ വശം വിശദീകരിക്കുവാനും ക്യാമ്പ് അതിക്രമിച്ച് കയറിയതുമായി ബന്ധപ്പെട്ടു നടന്ന പരാതി ബോധിപ്പിക്കുന്നതിനായും ഞാനും ക്യാമ്പ് സംഘാടക സമിതി ജെനെറൽ കൺവീനർ ബി.പി ജയഗോപലനും ആർ.എസ്.എസ് ഖണ്ഡ് സംഘചാലക് പി.കെ.വിജയൻ മാസ്റ്ററും കൂടി 10-12-17 പകൽ ഏതാണ്ട് മൂന്നു മണിയോട് കൂടി നറുകര വില്ലേജ് ഓഫീസിലെത്തി. വില്ലേജ് ഓഫീസിലെ തിരക്ക് കാരണം ഏതാണ്ട് അര മണിക്കൂർ സമയം വില്ലേജ് ഓഫീസറുടെ നിർദേശപ്രകാരം അവിടെ കാത്തു നിന്നു. തുടർന്ന് വില്ലേജ് ഓഫീസർ ഫയലും മറ്റും സൂക്ഷിക്കുന്ന ഒരു രഹസ്യമുറിയിലേക്ക് ഞങ്ങളെ വിളിപ്പിച്ചു. ഏതാണ്ട് 15 മിനുട്ട് ഞങ്ങൾ സംസാരിച്ചു. ആ സമയത്ത് പരിചയമില്ലാത്ത കുറെ പേർ വന്നു കൊണ്ടിരുന്നു. ക്യാമ്പിൽ നിയമവിരുദ്ധമായി ഒന്നും നടന്നിട്ടില്ല എന്നത് അങ്ങും പോലീസും സാക്ഷ്യപ്പെടുത്തിയത്തിനു ശേഷവും ഇങ്ങനെയൊരു സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് മഠത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസമുണ്ടാക്കരുതെന്നും ആർ.എസ്.എസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വിശദീകരണം നൽകാൻ ഞങ്ങൾ തയ്യാറാണെന്നും അറിയിച്ചു. എന്നാൽ മുൻകൂട്ടി നിശ്ചയിച്ചതെന്ന നിലയ്ക്കുള്ള പ്രതികരണമാണ് അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായത്.

**“ഞാൻ ഒരു കറകളഞ്ഞ കമ്യൂണിസ്റ്റ് ആണ്”, സർക്കാർ ഉദ്യോഗസ്ഥനാണെങ്കിലും എനിക്കത് പറയാൻ മടിയില്ല ” , “എനിക്ക് മുമ്പ് ഇവിടെ ഉണ്ടായിരുന്ന വില്ലേജ് ഓഫീസർമാരൊക്കെ സ്വന്തമായി ഭൂമി എഴുതി എടുത്തവരാണ്” “എന്നെ എന്റെ സംഘടന ഇവിടെ നിയോഗിച്ചതാണ്”, “നിങ്ങളുടെ രേഖ ഇവിടെ കാണാനില്ല”** എന്നും മറ്റുമുള്ള തരത്തിൽ തീർത്തും നിരുത്തരവാദപരമായും രാഷ്ട്രീയ പരമായും ആണ് അദ്ദേഹം ഞങ്ങളോട് സംസാരിച്ചത് (ഈ പറഞ്ഞ കാര്യങ്ങളുടെ റെക്കോർഡ് ചെയ്ത ആഡിയോ ഉൾപ്പെട്ട സി.ഡി. ഈ പരാതിയോടൊപ്പം ഹാജരാക്കുന്നു). ചർച്ചയ്ക്കു കൃത്യമായ മറുപടി ഇല്ലതായാപ്പോൾ അദ്ദേഹം കുപിതനായി അധിക്ഷേപിച്ചു സംസാരിക്കുകയും കസേര വലിച്ച് തല്ലാനോങ്ങി ഇറങ്ങി പോകാൻ പറയുകയും ചെയ്തു. ഒരു സർക്കാർ ഉദ്യോഗസ്ഥനായിരിക്കെ പരാതിക്കാരോട് രാഷ്ട്രീയം പറയുകയും അതു പ്രകടിപ്പിക്കുകയും ചെയ്തതിനു ശേഷം വളരെ ധാർഷ്ട്യത്തോടെ പെരുമാറുകയുണ്ടായി.

ക്യാമ്പിൽ അസമയത്തു വന്നതിന്റെ പിറ്റേ ദിവസം അദ്ദേഹം അടുത്ത വർഷം നിങ്ങൾ അവിടെ ക്യാമ്പ് നടത്താത്ത രീതിയിൽ ഞാൻ റിപ്പോർട്ട് കൊടുക്കുമെന്ന് ഖണ്ഡ് സംഘചാലക് വിജയൻ മാസ്റ്ററോട് പറഞ്ഞിരുന്നു. ആദ്യാവസാനം മുതൽ രാഷ്ട്രീയ എതിരാളികളെ കാണുന്നത് പോലെയാണ് അദ്ദേഹം ഇതുമായി ബന്ധപ്പെട്ട ആളുകളോട് പെരുമാറിയത്. കൃത്യമായ രാഷ്ട്രീയ ലക്ഷ്യം ഉള്ളിൽ വെക്കുകയും അതിനനുസരിച്ച് ആളുകളെ രഹസ്യമായി സംഘടിപ്പിക്കുകയും അതിനായി അദ്ദേഹത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ചു കൊണ്ട് പരസ്യം വെച്ച മറ്റു രാഷ്ട്രീയ സംഘടനകളെ രഹസ്യമായി കൂട്ട് പിടിക്കുയും ചെയ്തു. മഠവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുമ്പും ഇദ്ദേഹത്തിന്റെ ഭാഗത്ത് നിന്ന് സമാനമായ പെരുമാറ്റവും നടപടി ക്രമങ്ങളും ഉണ്ടായിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഇത്തരം പ്രവർത്തനങ്ങൾ കാരണം പ്രദേശവാസികൾ മതപരമായി ചേരി തിരിഞ്ഞു

സ്ഥലത്ത് സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. ക്യാമ്പ് ആക്രമിച്ച സമയത്ത് മറ്റ് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കിയത് പോലീസും ഞങ്ങളുടെ സംഘടനാ നേതൃത്വവുമാണ്. ക്യാമ്പ് കഴിഞ്ഞു സമാധാന അന്തരീക്ഷം ഇപ്പോൾ തകർത്തത് വില്ലേജ് ഓഫീസറുടെ കടും പിടുത്തം നിമിത്തമാണ്.

ഈ വക കാര്യങ്ങൾക്കായി തന്റെ സഹപ്രവർത്തകരെ കുറിച്ച് പൊതുജനങ്ങളോട് പറയാൻ പാടില്ലാത്ത കാര്യങ്ങൾ പറയുകയും, ഇല്ലാത്ത നിയമവശങ്ങൾ പറഞ്ഞു പരാതിക്കാരെ തെറ്റിദ്ധരിപ്പിക്കുകയും, രാഷ്ട്രീയ ലക്ഷ്യം നേടുന്നതിനായി ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത അദ്ദേഹത്തിനെതിരെ നടപടിയെടുക്കണമെന്നും , ഈ വിഷയം സംബന്ധിച്ച നിഷ്പക്ഷവും സമഗ്രവുമായ ഒരന്വേഷണത്തിന് രാഷ്ട്രീയമില്ലാത്ത ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്,

വിശ്വസ്തതയോടെ

കെ.അഭിലാഷ്
9605412990

സ്ഥലം : മഞ്ചേരി
തിയ്യതി : 12-11-2018

**Enclosure : ആഡിയോ ഡിസ്ക്**

**പകർപ്പ് : തഹസിൽദാർ ,ഏറനാട് താലൂക് .**